വികസന അതോറിറ്റികൾ

* 45 [45] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വികസന അതോറിറ്റികൾക്ക് ആവശ്യമായ ധനസഹായം ലഭിക്കുവാൻ കഴിയാത്തതുമൂലം അവയുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വികസന അതോറിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ?

നിയമവും ജലസേചനവും വകുപ്പ് മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) വികസന അതോറിറ്റികൾക്ക് സാമ്പത്തിക വൈഷമ്യമുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ നടപടികൈക്കൊള്ളുന്നതാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കോട്ടുകാൽ പഞ്ചായത്തിലെ ചപ്പാത്ത് പാലം

101 [111] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടുകാൽ പഞ്ചായത്തിലെ ചപ്പാത്ത് പാലം തീരെ വീതി കുറഞ്ഞതും മഴക്കാലത്ത് ഗതാഗതത്തിന് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ ഒരു പുതിയ പാലം നിർമ്മിക്കുന്നതിനോ അല്ലെങ്കിൽ നിലവിലുള്ള പാലത്തിന് വീതി കൂട്ടുന്നതിനോ അനുവാദം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ചപ്പാത്ത് പാലത്തിന്റെ സ്ഥാനത്തു ഒരു പുതിയ പാലം നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് അംഗീകരിച്ചു കഴിഞ്ഞു. വിശദമായ് ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നതേയുള്ളൂ. അതിനാൽ പണിക്ക് അനുവാദം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കുക പ്രയാസമാണ്.

വിഴിഞ്ഞം പാലം

102 [112] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പാലം അപകടത്തിലാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly